# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2263 18/07/2016-ൽ മറുപടിയ്ക്ക്

## മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

ചോദ്യം

ശ്രീ.ആർ. രാജേഷ് :

മറുപടി

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി):

| | | |
|---|---|---|
| എ | മുൻ സർക്കാറിന്റെ കാലത്ത് മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | തീരദേശ വികസന കോർപ്പറേഷൻ മുഖേന മുൻസർക്കാരിന്റെ കാലത്ത് മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേലിൽ 174.61 ലക്ഷം രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തികരിച്ചു. ആലപ്പുഴ ജില്ലയിൽ ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് താഴെപ്പറയുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്<br>1. ഭവന നിർമ്മാണ പദ്ധതി<br>2. ഭവന അറ്റകുറ്റപ്പണി<br>3. ടോയ്ലറ്റ് നിർമ്മാണം<br>4. മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം<br>5. സമ്പാദ്യസമാശ്വാസ പദ്ധതി<br>6. പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം<br>മുൻ സർക്കാരിന്റെ കാലത്ത് മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 75.30 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| നം. | റോഡിന്റെ പേര് | ഭരണാനുമതി തുക ലക്ഷത്തിൽ | പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | തിരുഹൃദയക്കുന്ന് മുതൽ വിശ്വഭവനം മുക്ക് വരെയുള്ള റോഡ് | 8.8 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | 2 | കൈപ്പള്ളിക്കടവ് മുതൽ മേലോട്ടിൽമുക്ക് വരെയുള്ള റോഡ് | 18.00 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| | | 3 | പുലിമേൽ കല്ലരിക്കുന്നേൽ മുതൽ വള്ളക്കടവ് വരെയുള്ള റോഡ് | 20.5 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| | | 4 | പ്രായിക്കര തറയിൽമുക്ക് കടത്തുകടവ് റോഡ് | 28.00 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| ബി) | മാവേലിക്കര മുനിസിപ്പാലിറ്റിയിലും ചുനക്കര പഞ്ചായത്തിലും ആധുനിക സൗകര്യങ്ങളുള്ള മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) | മാവേലിക്കര മുൻസിപ്പാലിറ്റിയിലും ചുനക്കര പഞ്ചായത്തിലും ആധുനിക സൗകര്യങ്ങളുള്ള മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ആവശ്യം ഉന്നയിക്കുന്നപക്ഷം ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന കാര്യം പഠന വിധേയ മാക്കുന്നതാണ്. | | |

**സെക്ഷൻ ആഫീസർ**